

# ചില്ല

## ലിറ്റിൽ കൈറ്റ്സ് 2018-19

ദേവിവിലാസം വൊക്കേഷണൽ ഹയർസെക്കൻണ്ടറി സ്കൂൾ വേലിയമ്പം

ഹൃദയം കൊണ്ടെഴുതിയ കവിതകളുടെയും സ്നേഹാർദ്ര ഭാവങ്ങളുടെയും മനോഹരമായ ആവിഷ്ക്കാരമാണ് ചില്ല.ദേവീവിലാസം സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് കൂട്ടായ്മയുടെ നേർകാഴ്ചയാണ് ചില്ലയിലുള്ളത്.കലാലയത്തിൽ നിന്നും സ്വീകരിച്ച നൻമകൾ ആനന്ദാശ്രുക്കളിൽ ചാലിച്ച് അഭിമാന-ത്തോടെ കുറിച്ചിടാനൊരിടം...സ്വികരിച്ച നൻമകൾ അക്ഷരങ്ങളിൽ ഒതുങ്ങുന്നതല്ല എന്ന തിരിച്ചറിവുണ്ട്...എങ്കിലും മനം മന്ത്രിക്കുന്നു, ഇത്രയെങ്കലും ചെയ്യാൻ... ഈടുറ്റ രചനകളിലൂചടെ,അധ്വാനത്തിലൂടെ ചില്ലയെ യാഥാർത്യമാക്കിയ ഏവരേയും ആദരവോടെ ഓർക്കുന്നു. അക്ഷരങ്ങൾക്കു മിഴിവേകിയ സർവേശ്വരനെ മനസ്സിൽ ധ്യാനിച്ച് വഴിവെട്ടം പകർന്ന് മുൻപേ നടന്നു പോയ ഗുരുക്കൻമാർക്കായ്... നന്മയും,സ്നേഹവും,പ്രോൽസാഹനവും പകർന്ന മാതാപിതാക്കൻമാർ-ക്കായ് ഈ സമാഹാരം സമർപ്പിക്കുന്നു.

എഡിറ്റർ

# സന്ദേശം

വേലിയമ്പം ദേവിവിലാസം വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിൽ 2017-18 അധ്യയനവർഷം മുതൽ രൂപീകൃതമായ IT കൂട്ടായ്മയായ 'Little Kites'-ൽ എട്ടാം തരത്തിലെ 22 കുട്ടികളെയാണ് ഉൾപ്പെടുത്തിയിരുന്നത്.

ഈ കുട്ടികളുടെ നേതൃത്വത്തിൽ വിദ്യാലയത്തിലെ IT പ്രവർത്തനങ്ങൾ വളരെ മനോഹരമായി നടത്തിവരുന്നുണ്ട്.

സ്കൂൾ തല പ്രവർത്തനങ്ങളുടെ ഡോക്യുമെന്റേഷൻ ഹൈടെക് ക്ലാസ്സ് റൂമുകളുടെയും സ്കൂൾ കമ്പ്യൂട്ടർലാബിന്റെ പരിപാലനം തുടങ്ങിയവ നമ്മുടെ കുട്ടികൾ സ്തുത്യർഹമായ രീതിയിൽ നടത്തിവരുന്നു.2018-19 അധ്യായനവർഷം കുട്ടികൾ തയ്യാറാക്കുന്ന ഡിജിറ്റൽ മാഗസിനായ'ചില്ല' നല്ല നിലവാരം പുലർത്തുന്നു.

## ചില്ല

വിദ്യാലയത്തിലെ ഒന്നാം തരം മുതൽ പത്താം തരം വരെ പഠിക്കുന്ന കുട്ടികളുടെ മികച്ച സൃഷ്ടികളാണ് ഈ മാഗസിനിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. വിദ്യാലയത്തിലെ IT പഠനത്തിന് ഒരു മുതൽക്കൂട്ടായിരിക്കും ഈ ഡിജിറ്റൽ മാഗസിൻ. ഇത്തരത്തിൽ ഒരു മാഗസിൻ തയ്യാറാക്കാൻ സഹായിച്ച KITE വയനാട്,കൈറ്റ് മിസ്ട്രസ്സ്മാരായ സൗമ്യ.പി.എസ്,ശ്യാമ.കെ.ആർ,ലിറ്റിൽ കൈറ്റ് യൂണിറ്റ് അംഗങ്ങളായ കുട്ടികൾ തുടങ്ങിയ എല്ലാവർക്കും വിദ്യാലയത്തിന്റെ നന്ദിയും ആശംസകളും അറിയിക്കുന്നു.




HEADMASTER:

K.G RATHISHKUMAR



# ചില്ലയ്ക്കു പിന്നിൽ പ്രവർത്തിച്ചവർ

*Abhinand k.n, Angel Rose,*

*Anamika k.r, Ahana k.v,*

*Adhish, Babitha k.b,*

*Devika k.s, Manju Chandhran.j,*

*Thushara k.r,*

*Vijayasree s. Kumar*

## ഉള്ളടക്കം

മഴ – കവിത.......................................6

വിഷാൽമാക്കൾ പായുന്ന വഴികൾ - കവിത..........................8

ഇരുളിൽ  ഒറ്റപ്പെട്ടവൾ - കവിത..........................................14

ചിത്രം...........................................................17

നീറുന്ന വാർദ്ധക്യം - കഥ......................................18

ചിത്രം..................................................................23

NOBODY IS TOO SMALL - STORY ..............................24

ചിത്രം....................................................27

പ്രളയത്താൽ കേരളം - ഉപന്യാസം........................................28

ചിത്രം.........................................34

തകർച്ചയുടെ കൊടുമുടി താണ്ടി - ഉപന്യാസം......................35

ഇതൾ വിരിഞ്ഞ പ്രണയം - കവിത..................................43

ചിത്രം........................................................47

മീൻകാരി - കഥ.....................................49

കൂട്  ഞങ്ങൾക്ക് വീട് - പുസ്തകപരിചയം............................53

ചിത്രം............................................................57

അമ്മയ്ക്കുള്ള ദുഖം - കഥ.............................................60

നൊമ്പരം - കവിത..................................................67

ചിത്രം.......................................................68

അതുല്യ നിമിഷങ്ങൾ................................76

## മഴ



മഴയാണിത് മഴയാണിതെന്ന് അറിയില്ലെ?

പൊടി മഴയിലും കുളിരുന്ന രാവിൽ

മണ്ണിന്റെ മണവും എന്തൊരു ആനന്ദം.

ചില്ല

ജലമില്ല, ജലമില്ല, ഒരു തുള്ളി ജലമില്ല,
മഴയൊന്നു പെയ്താലൊ വെള്ളപ്പൊക്കവും
മഴയാണിതെന്ന് അറിയില്ലെ
മഴപെയ്താൽ കുളവും നിറയും തോടും നിറയും
ഡാമുകളിൽ പെരു പെരാ വെള്ളപ്പൊക്കവും
കുന്നിടിയുന്നു ഉരുൾപൊട്ടുന്നു
വീടുകൾ തുരു തുരാ ഇടിയുന്നു
മറ്റൊരു നാട്ടിലൊ, മഴയ്ക്കായുള്ള
കാത്തിരിപ്പും...........

അലോന മരിയ

6A

# വിഷാത്മാക്കൾ പായുന്ന വഴികൾ

ഇരുളിൻെറ ഗുഹയിലേക്ക്
വഴുതി വിഴുന്നു ഞാൻ
വഴുതി വീഴുന്നു ഞാൻ

സൂര്യനോടെത്ര കൊഞ്ചി
ചന്ദ്രനോടെത്ര കൊഞ്ചി
എന്നിട്ടും എന്നെ അനാഥനാക്കി....

ചില്ല

വിണ്ണിലെ നക്ഷത്രങ്ങളെ

കണ്ടിട്ടെത്ര നാളായ് ?

പൂവിലെ ശലഭങ്ങളെ

കണ്ടിട്ടെത്ര നാളായ് ?

മഴവിൽ മേഘങ്ങൾ

വന്നുപോയോ ?

മഞ്ഞിൻ തുള്ളികൾ

പെയ്തുപോയോ ?

ചില്ല

കിളിയമ്മ കുഞ്ഞുങ്ങൾക്കായി

താരാട്ടു പാടുന്നുണ്ടോ ?

മാവിലെ പൂക്കാൻ സമയമായോ ?

ചെമ്പകപൂക്കൾ പൂത്തു കഴിഞ്ഞുവോ ?

ഇലപൊഴിയും കാലം വന്നുപോയോ ?

പുഴയിലെ തെളിനീരിൽ

മീനുകൾ നീന്തുന്നുവോ ?

പരുപരുത്ത പാറകൾ

ചില്ല ഒഴുക്കിൽ തിളങ്ങിയോ ?
എനിക്കറിയുവതില്ല....

എന്നേ തട്ടിയിട്ടതാര് ?
എന്നേ പെരുവഴിയിൽ
വലിച്ചെറിഞ്ഞതാര് ?

ഇരുണ്ട ഗുഹയുടെ നിഗൂഢതയിൽ
കണ്ണുകാണാതെ തപ്പിതടഞ്ഞു ഞാൻ...
വവ്വാലുകൾ പാറിപറക്കുന്ന
ഇരുണ്ടകാലം, ഇരുണ്ട-

പകൽ മട്ടു<u>ത്തു</u> ഞാൻ മട്ടു<u>ത്തു</u>...
കഴുത്ത് ഞെരുക്കുന്ന ഇരുളിൽ,
ഞാൻ ആ രാത്രിമഴയിൽ
വിറങ്ങലടിച്ച് കിടക്കവേ !

ആരുണ്ട് കൂടേ?
ചില്ല കൈകോർക്കാൻ ആരുണ്ട് ?
തോളിൽ തട്ടാൻ ആരുണ്ട് ?
കെട്ടിപ്പുണരാൻ ആരുണ്ട് ?
ഇരുളിന്റെ ഗുഹയിൽമരണം-

വിരിച്ച് വച്ച പരവതാനിയിലേക്ക്

കാൽവച്ചുകൊണ്ട് മിഴിയടച്ചു,

ഭൂമിയോട് വിട.

# ഇരുളിൽ ഒറ്റപ്പെട്ടവൾ



ഇരുളിന്റെ കോണിൽ നരച്ച
സ്വപ്നത്തിൻ
മാറാപ്പുകെട്ടുമായ് ഗതകാല നിനവിൻ-
സമൃദ്ധിതൻ ചെപ്പുഞാൻ മെല്ലെത്തുറന്നു.
നിറവാർന്ന ബാല്യവും
വർണക്കുട ചൂടിയൊരെൻ കൗമാരവും
ഇളം കാറ്റിലുലയുന്ന ചെറു-
പുൽ നാമ്പിനീണമായ് മിന്നിമറയുന്നു.

ചില്ല

ആ ദിനം മെല്ലെയകന്നുപോയ് പിന്നെ
നോവിന്റെ കൂട്ടിൽ ചാരിമയങ്ങീടവേ.
ഇണയോ പിരിഞ്ഞുപോയ്-
തുണയോ മറന്നു ദൂരെയകന്നുപോയ്.

ഇന്നു തെരുവിന്റെ കോണിലെ കോലായിൽ
നിത്യമുരുകുന്ന നേർത്തൊരു തേങ്ങലുമായ്
മാറാ വ്യാധിതന്റെ മഹാഗർത്തത്തിൽ
തെരുവിലെ നായ്ക്കൾക്കു കാവലായ് -

ചില്ല

നിന്നു ഞാൻ,ഇരുളിന്റെ മറവിലെൻ-
ചൂടേൽക്കുവാൻ വന്നോർ
അകലങ്ങൾ തേടിയകന്നു പോയ്.
തീരങ്ങൾ തിരയുന്ന തിരമാല പോലെ
തേടുന്നു ശാന്തിതൻ തീരത്തെ ഞാൻ.

അനാമിക കെ.ആർ
9A



രമ്യ കെ.ആർ

8A

# നീറുന്ന വാർദ്ധക്യം



എന്റെ കൂട്ടുകാരി മീനുവിന് അച്ഛനും അമ്മയും എല്ലാവരും ഉണ്ടായിരുന്നു. അവളുടെ കഥയാണ് ഞാൻ പറയുന്നത്. പ്രണയ വിവാഹമായിരുന്നു രാജന്റെയും മേരിയുടേയും. രണ്ട് മതത്തിൽ

പെട്ടവരായിരുന്നതിനാൽ അവർക്ക് സമൂഹത്തിൽ വളരെ പ്രശ്നങ്ങൾ നേരിടേണ്ടതായി വന്നു. അവർക്ക് ഒരു പെൺകുഞ്ഞുണ്ടായി. അവർക്കുണ്ടായ ആദ്യത്തെ പെൺകുഞ്ഞിന് അവർ മീനൂട്ടി എന്ന് പേരിട്ടു. മീനുവിന് കൈവളരുന്നുണ്ടോ കാൽവളരുന്നുണ്ടോ എന്ന് അവർ ശ്രദ്ധയോടെ നിരീക്ഷിച്ചു. മീനുവിന് നാല് വയസാകും മുമ്പ് അവളുടെ ഉള്ളിൽ ഒരു കഴിവ് മൊട്ടിട്ടു. ഒരു പാട്ടു കേട്ടാൽ അത് മനഃപാഠമാക്കി, വളരെ മനോഹരമായി പാടാനുള്ള കഴിവ്. കൊച്ചുകുട്ടിയിലെ ഈ കഴിവുകണ്ട് എല്ലാവരും അമ്പരന്നു. ആ കുടുംബത്തെ കളിയാക്കിയ എല്ലാവരും,ആ കൊച്ചുമിടുക്കിയുടെ

കഴിവിൽ അസൂയപ്പെട്ടു.അവൾ വളർന്നു. വളരും തോറും പാട്ടിനോടുള്ള അവളുടെ ഇഷ്ടം കൂടി വന്നു. പാടാനുള്ള അവളുടെ കഴിവും കൂടിവന്നു. അവളുടെ അനുഗ്രഹീതമായ ഈ കഴിവ് അവൾക്കു തന്നെ വിശ്വസിക്കാൻ കഴിഞ്ഞില്ല. അവളുടെ മാതാപിതാക്കളായ രാജനും മേരിക്കും വാർദ്ധക്യത്തിന്റെ പടവുകൾ കയറേണ്ടി വന്നു. അവൾക്കായി ഒരുപാട് വേദികൾ തുറന്നു. അവൾ വളരെ പ്രശസ്തയായി. അതും വളരെ ചെറുപ്പത്തിൽ തന്നെ. അവൾ തന്റെ വളർച്ചയിൽ അഹങ്കരിച്ചു. മാതാപിതാക്കളോട് അവൾക്ക് വെറുപ്പായി. തന്റെ മാതാപിതാക്കളിട്ട തന്റെ പേരു പോലും അവൾക്ക്

വെറുപ്പായി.അവൾ തന്റെ പേരുമാറ്റി, ജൂവൽ എന്നാക്കി. അവളുടെ കൂട്ടുകാരികളായ പലരും ഉയർന്ന നിലയിലുള്ളവരായിരുന്നു. അവൾക്ക് കൂട്ടുകാരികളുടെ മുൻപിൽ തന്റെ മാതാപിതാക്കളെ കൊണ്ടുപോകാൻ മടിയായിരുന്നു.അങ്ങനെ ഒരുപാട് സ്നേഹിച്ച് വലുതാക്കിയ മാതാപിതാക്കളെ അവൾ വൃദ്ധസദനത്തിലാക്കുന്നു. അവളുടെ അച്ഛൻ രോഗബാധിതനായി മരിച്ചു. അമ്മ മാത്രം ബാക്കി. മകളെ കാണാൻ അമ്മ വൃദ്ധസദനം വിട്ടിറങ്ങി. മകളെ തിരക്കി ആ അമ്മ തെരുവിലൂടെ നടന്നു. സ്വന്തം മകളുണ്ടായിട്ടും ഈ അമ്മയ്ക്ക് തെരുവിൽ ഇറങ്ങേണ്ടി വന്നു. കുട്ടികൾ മാത്രമല്ല ,

ചില്ല

മാതാപിതാക്കളും ഈ കൊച്ചു കേരളത്തിൽ അനാഥരായി ഇന്നും ജീവിക്കുന്നു. നന്ദി.

*എയ്ഞ്ചൽ റോസ്*

*9A*



രമ്യ കെ.ആർ
8A

# NOBODY IS TOO SMALL

A Lion was sleeping under a tree. A mouse, running along a branch of the tree slipped his step and fell down on the lion. The lion woke-up, and seeing the mouse sitting on him, he become very furious. How dare you wake me up? Asked the lion. The mouse trembling with fear, told the lion that he fell the tree by accident. Don't kill me. Said the

mouse, you are very strong and I am so feeble. You cannot eat me for food. So please spare my life. If possible, I may help you in some day. Ha...ha...ha... The lion roared with laughter. You, such a feeble creature, offering help for me. I leave you, but I not thinking that you may help me in danger.

Days passed, one day the lion fell in a trap laid by a hunter. He could not escape from it despite all this efforts. He roared aloud in desperation. The mouse

heard the roar of the lion. He knew it was his acquaintance calling for help. The mouse went to the lion and cut the strings of the trap with his sharp teeth. The lion thanked the mouse. I thought I was the strongest because of my size and ferocity. But, now I know that even a small creature like you can be of help in a moment of need.

Gopika.K.S

5A

# ചില്ല



അമ്മു സി.സി

8B

# പ്രളയത്താൽ

## കേരളം



അങ്കം കഴിഞ്ഞ പടക്കളം പോലെയാണ് ഇന്ന നമ്മുടെ കേരളം. ഇങ്ങനെയൊരു ദുരന്തം നാം ഇതിന്ന മുൻപ്

ചില്ല

അനുഭവിച്ചിട്ടില്ല. എത്ര വലിയ നഷ്ടങ്ങളാണ് ഉണ്ടായത്. നമ്മുടെ കേരളം ഇതിനെയെല്ലാം അതിജീവിച്ചുകൊണ്ട് ഒത്തൊരുമയോടെയാണ് പോയത്.

ജാതി,മത വർണഭേതമില്ലാതെ ഒത്തൊരുമയോടെ പ്രളയത്തെ നേരിട്ടവരാണ് നമ്മൾ കേരളീയർ. ജനങ്ങൾക്ക് എത്രയെത്ര നാശനഷ്ടങ്ങൾ സംഭവിച്ചു.

പല കർഷകരും കടം വാങ്ങിയാണ് കൃഷിയിറക്കിയത്. പ്രളയത്തോടെ അതെല്ലാം നശിച്ചു. കടം വാങ്ങിയ പണം തിരികെ കൊടുക്കാനാവാതെ പല കർഷകരും ആത്മഹത്യ ചെയ്തു. കർഷക ആത്മഹത്യ കേരളത്തിൽ

വർധിച്ചുകൊണ്ടിരിക്കുകയാണ്. രക്ഷാപ്രവർത്തകരും മത്സ്യത്തൊഴിലാളികളുമാണ് പ്രളയത്തിൽ കുടുങ്ങിയ നമ്മളെ രക്ഷിക്കാനായി മുന്നോട്ട് വന്നത്. പ്രളയത്തിൽ എത്ര ആൾക്കാരുടെ ജീവനാണ് ഇല്ലാതെയായത്? എത്ര ആൾക്കാരുടെ ജീവിതമാണ് ഇല്ലാതെയായത്. എല്ലാ വീടുകളും വെള്ളത്താൽ മൂടി. പല സ്ഥലങ്ങളിലും ഉരുൾപൊട്ടൽ ഉണ്ടായി. എത്ര വലിയ പ്രളയക്കെടുതിയാണ് കേരളം നേരിട്ടത്. വർഷങ്ങൾക്ക് മുമ്പാണ് ഇതുപോലെയൊരു പ്രളയം കേരളം നേരിട്ടത്. പ്രളയത്തോടെ ആൾക്കാരുടെ വീടും,കൃഷിയുമെല്ലാം നശിച്ചു.

ചില്ല

കേരളം കണ്ണുനീരാൽ മുങ്ങി. പ്രളയത്താൽ ദുരിതമനുഭവിച്ചവർക്ക് വിദ്യാലയങ്ങൾ ആശ്രയകേന്ദ്രങ്ങളായി. എല്ലാവരും ഒരുമിച്ച് ഭക്ഷണം കഴിച്ചു. ഒരു പായിൽ കിടന്നുറങ്ങി. അവർക്ക് ആവശ്യമായ സാധനങ്ങൾ സർക്കാർ എത്തിച്ചു കൊടുത്തു. വീടുകൾ നിർമ്മിച്ചു നൽകി. അവരെ ചികിത്സിക്കാനായി ഡോക്ടർമാർ ഉണ്ടായിരുന്നു. എല്ലാ ജനങ്ങളും ഒത്തൊരുമയോടെ കൈകോർത്ത് പ്രളയത്തെ നേരിട്ടു. പ്രളയത്താൽ കേരളത്തിൽ പല സ്ഥലങ്ങളിൽ നിന്നും ഒഴുകിയെത്തിയ മാലിന്യം വർധിച്ചു. പ്രളയക്കെടുതിയോടെ ജനങ്ങൾ എല്ലാ വീടുകളും പരിസരങ്ങളും വൃത്തിയാക്കി. സർക്കാർ ധനസഹായം നൽകി.

കുട്ടികളുടെ വിദ്യാഭ്യാസം മുടങ്ങി. ഓണപരീക്ഷകൾ മാറ്റിവെച്ചു. പ്രളയം പലർക്കും പലതരം രോഗങ്ങൾ വരുത്തി. ജനങ്ങൾ പലതരം ബുദ്ധിമുട്ടുകൾ അനുഭവിച്ചു. എല്ലാ ജില്ലക്കാരും പരസ്പരം സഹായിച്ചു. ജീവിതത്തിൽ അനുഭവിക്കാവുന്നതിൽ ഏറ്റവും വലിയ ദുരന്തമാണ് ജനങ്ങൾ അനുഭവിച്ചത്. പ്രളയം മൂലം പിടിപെട്ട എലിപ്പനിക്കെതിരെ ജാഗ്രത പാലിച്ചു. എല്ലാ ജോലിക്കാരും ഒരു മാസത്തെ ശമ്പളം ദുരിതാശ്വാസനിധിയിലേക്ക് കൊടുത്തു. ദുരിതാശ്വാസനിധിയിലേക്ക് എല്ലാ സ്ഥലങ്ങളിൽ നിന്നും പിരിവുകൾ നടത്തി. ലോകമെമ്പാടുമുള്ള ജനങ്ങളുടെ കണ്ണീരുകൾ

ചില്ല

ഭൂമിയിൽ വീണിട്ടുണ്ട്. പ്രളയത്താൽ രോഗം പിടിപെട്ട ജനങ്ങൾക്ക് സൗജന്യമായി മരുന്നുകൾ നൽകി. പ്രളയത്താൽ ദുരിതമനുഭവിച്ച ജനങ്ങൾ ഒത്തുചേർന്ന് നവകേരളം രൂപികരിച്ചു.

മഞ്ജു ചന്ദ്രൻ

9A

# ചില്ല



അശ്വതി കെ.എസ്

9B

# തകർച്ചയുടെ കൊടുമുടി താണ്ടി




ദൈവത്തിന്റെ സ്വന്തം നാട് എന്ന് വിളിപ്പേരുവീണ ഒരു നാടാണ് നമ്മുടെ കൊച്ചു കേരളം. കൊച്ചു കേരളമെങ്കിലും ഈ കൊച്ചു കേരളത്തിലുള്ള നാമെല്ലാവരുടെയും സ്നേഹം എന്താണ് എന്ന് ലോകമെമ്പാടുമുള്ള മനുഷ്യർ കണ്ടു കഴിഞ്ഞു.

ചില്ല

ലോകജനത ഇന്നേവരെ കണ്ടിട്ടില്ലാത്ത ഒരു പ്രകൃതി ദുരന്തമാണ് നാം ഈയിടെ അനുഭവിച്ചത്. ഒരുപക്ഷേ നൂറ്റാണ്ടുകൾക്കു മുൻപുണ്ടായ ഒരു ചെറിയ ദുരന്തത്തിന്റെ വലിയ ആഘാതമായിരിക്കാം ഇത്. എന്തായാലും ആ വലിയ ദുരന്തത്തിൽ നിന്നും നാം കരകയറിക്കൊണ്ടിരിക്കുകയാണ്. ഒരു പേടി സ്വപ്നം പോലെ ആയിരുന്നു തോരാതെ പെയ്ത പേമാരിയും,കൊടുംകാറ്റും,ഉരുൾപൊട്ടലും എല്ലാം. മലയാളിയുടെ മനസിൽ എന്നും ഒരു മുറിവായ് നിൽക്കുന്നതാണ് ഈ വലിയ പ്രളയ ദുരിതം. കേരളത്തിന്റെ മുഖച്ഛായ പോലും മാറ്റി മറിച്ചുകൊണ്ടായിരുന്നു ദുരന്തത്തിന്റെ കടന്നുപോക്ക്. ഒന്നു സങ്കൽപ്പിക്കാൻ പോലും കഴിയാത്തത്ര നാശത്തിൻെ

വിത്തുകൾ വിതച്ചാണ് പ്രളയം വഴിമാറിയത്. കണ്ണീരിനും, നെടുവീർപ്പിനും, കാത്തിരിപ്പിനുമപ്പുറം സന്തോഷത്തിന്റെ നറുമലരുകൾ വിരിയാൻ കാത്തിരിക്കുകയാണ് നാമെല്ലാം. അല്ലെങ്കിൽ അതിനായി പരിശ്രമമിക്കുകയാണ് മലയാളികൾ ഒന്നാകെ. പ്രളയത്തിന്റെ ക്രൂരമായ വരവിൽ അഭയത്തിനായ് നാം മാറത്തടിച്ച് കരഞ്ഞപ്പോൾ നമുക്ക് ആശ്വാസമായ് സ്വന്തം ജീവൻ പോലും പണയംവച്ച് എത്തിയത് നാം ഇതുവരെ മനസ്സിലാക്കാതിരുന്ന, ആ നല്ല മനസ്സുള്ള മത്സ്യത്തൊഴിലാളികൾ ആയിരുന്നു. കടലിന്റെ ഉള്ളിലേക്കു മാത്രമല്ല, മനുഷ്യരുടെ ഹൃദയത്തിന്റെ ഉള്ളിലേക്കും കടന്നു

ചില്ല

ചെല്ലാൻ തങ്ങൾക്കറിയാം എന്ന വലിയ ഒരു സന്ദേശത്തോടെയായിരുന്നു ഇവരുടെ വരവ്. നിരാശയുടെ ആഴങ്ങളിൽ ആശ്വാസത്തിന്റെ തോണിയുമായെത്തി ജനലക്ഷങ്ങൾക്കാണ് അവർ ദൈവത്തിന്റെ ദൂതൻമാരായത്. നാം അറിയാതെ പോയ ആ ജനതയുടെ വലിയ മനസ്സ്! ഒട്ടും പ്രതീക്ഷിക്കാതെയാണ് അ വലിയ ദുരന്തം നമ്മെ വിഴുങ്ങാനായി എത്തിയത്. എങ്കിലും, 'ഒത്തൊരുമിച്ചാൽ മലയും പോരും' എന്ന ചൊല്ല് അന്വർഥമാക്കിക്കൊണ്ട് നാം ഒറ്റക്കെട്ടായ് നിന്ന് അതിനെ തോൽപ്പിച്ചു. അല്ല പൊരുതി തോൽപ്പിച്ചു. ഇനി നമ്മുടെ അടുത്ത ലക്ഷ്യം കേരളത്തിന്റെ

പുനർനിർമ്മാണമാണ്. എല്ലാം നഷ്ടപ്പെട്ട ഒരു നാടാണ് ദൈവത്തിന്റെ സ്വന്തം നാടായ നമ്മുടെ കേരളം. എന്നാൽ അത് നാം തിരുത്തി കുറിക്കും. എല്ലാ സമൃദ്ധിയും ഐശ്വര്യവും നിറഞ്ഞ ഒരു കേരളത്തെ നാം ഒന്നായ് നിന്ന് ഉണ്ടാക്കിയെടുക്കും എന്ന് നമുക്ക് ഒന്നായ് പ്രതിജ്ഞയെടുക്കാം. നല്ലൊരു നാളേക്കായ് നമുക്ക് ഒരുമിക്കാം. പ്ലാസ്റ്റിക് വിമുക്തമായ ഒരു നാട് നമുക്ക് സ്വപ്നം കാണാം. പ്രളയകാലത്ത് തോടുകളും, പുഴകളും, നദികളും, ഡാമുകളും എല്ലാം കരകവിഞ്ഞൊഴുകി. എങ്കിലും ഇപ്പോൾ ആ വെള്ളമൊന്നും ഇല്ല എന്ന് നമുക്കറിയാം. അതുപോലെ

ചില്ല

മഴയോടൊപ്പം പെയ്ത നാശനഷ്ടവും മാറിപ്പോകും.



നീടുകൾ പാടേതകർന്നടിഞ്ഞവർ അധ്വാനത്തിന്റെ ഫലമെല്ലാം മഴയോടൊപ്പം ഒലിച്ചുപോയവർ എന്നിങ്ങനെ

ചില്ല

നാശനഷ്ടത്തിന്റെ കോണിപ്പടികൾ കയറുന്ന ലക്ഷക്കണക്കിനാളുകൾ നമ്മുടെ കൊച്ചു കേരളത്തിൽ ബാക്കി.




അവരെ മാത്രം ബാക്കിയാക്കിക്കൊണ്ട് കാലവർഷക്കെടുതി കടന്നു പോയപ്പോൾ പ്രതീക്ഷിക്കാൻ ഒന്നുമില്ലാതെ ഒരുപാടു ജന്മങ്ങൾ തങ്ങളുടെ ജീവിതം എന്തു

ചെയ്യണമെന്നറിയാതെമുൻപോട്ടു പോകുന്നു. അല്ലെങ്കിൽ തള്ളിനീക്കുന്നു.നമ്മുടെ നല്ല സഹകരണം കൊണ്ടു ഈ നഷ്ടപ്പെട്ടതെല്ലാം പുനസ്ഥാപിക്കാൻ നമുക്കു കഴിയും. അതിനായ് നമുക്ക് ഒന്നായ് പ്രാർത്ഥിക്കാം. പ്രയത്നിക്കാം.

-എയ്ഞ്ചൽ റോസ്

9A

# ഇതൾ വിരിഞ്ഞ പ്രണയം



മാനസമായൊരു ദിവ്യജ്യോതിസ്സിനെ പോൽ

ജ്വലിച്ചുനിൽക്കുന്നിതാ പ്രണയം.

ഹൃദയത്തിൽനിന്നും തേങ്ങലായ് രക്തം

ചില്ല

കരളിൻ ആഴങ്ങളിൽ തറച്ച.
എന്നിൽനിന്ന് അകലുകയാണെൻ പ്രണയം
ഇതളിട്ട പൂവിങ്ങു കൊഴിയുകയായി.
ഇതളിട്ട സ്വപ്നങ്ങൾ എല്ലാം കൊഴിഞ്ഞു,
ഇന്നിതാ അസ്തമിക്കുന്നു.
ഇന്നിതാ എൻ ജീവിതപാളിയിൽ നിശയും
അതിഥിയായ് എത്തിടുന്നു,
ഇനി എന്നുവരും എൻ ജീവിതപാളിയിൽ
വെളിച്ചം ളുകിയാ പ്രണയം.
എന്നുവരും ആ വസന്തകാലം

എന്നിലെ ജീവനെ വിളിച്ചുണർത്താൻ,

പോയ കാലം തിരികെ എത്തുന്നു.

നിദ്രയിൽമുഴുകിയ കമലങ്ങളിതാ,

കൺകൾ തുറന്ന് പുഞ്ചിരിക്കുന്നു.

സൂര്യനിതാ അസ്തമയംവിട്ട് ഉദയമായ് മാറിടുന്നു.

പ്രണയം അത് നിലാവിൽ

നിന്ന് അടർത്തിയെടുത്ത വൈരമാകുന്നു.

പ്രണയം ലോകമെങ്ങും വെൺമനിറയ്ക്കുന്നു,

പ്രകാശ പൂരിതലോകം സൃഷ്ടിക്കുന്നു.

ചില്ല

നിറമുള്ള ലോകം വീണ്ടും ജനിക്കുന്നു,
ഇരുൾ നീങ്ങി വെൺമയായി മാറിടുന്നു.


വിജയശ്രീ.എസ്.കുമാർ
9A



ബബിത പി.ബി

7A

ചില്ല



അഖില കെ.കെ

9B

# മീൻകാരി

കടൽ കരയിൽ പോയി മീൻ വാങ്ങി കുട്ടയിലാക്കി വീടുകൾ തോറും കൊണ്ടു നടന്ന്   വിൽക്കുകയാണ് നാണിക്ക് പണി. ഉച്ചയ്ക്കുമുമ്പ് അവളുടെ കുട്ട ഒഴിയും .ഉടൻ അവൾ വീട്ടിലേക്ക് മടങ്ങുകയും ചെയ്യും.ഒരു ദിവസം  വൈകുന്നേരമായിട്ടും അവളുടെ മീൻ വിറ്റു തീർന്നില്ല . സമയം സന്ധ്യയായി .നല്ല കാറ്റും മഴയും വരുന്നു .ഇനി നാലു നാഴിക ആളില്ലാത്ത വഴിയിലൂടെ കുട പോലു മില്ലാതെ മഴയത്തു നനഞ്ഞു നടന്ന് വീട്ടിലേക്ക് പോകാൻ

വയ്യെന്ന് അവൾക്കുതോന്നി .വഴിവക്കത്ത് ധാരാളം മരങ്ങളും ചെടികളും പൂത്തു നില്ക്കുന്ന ഒരു കൊച്ചു വീട്ടിലേക്ക് അവൾ കയറി. വീട്ടുകാരേ,എനിക്ക് എന്റെ പുരയിലേക്ക് പോകാൻ സാധിക്കില്ല. ഇന്നു രാത്രി ഞാനിവിടെ ഒരു മൂലയിൽ ചുരുണ്ടു കൂടിക്കോട്ടെ? ലക്ഷ്മി വാരസ്യാരുടെ വീടായിരുന്നു അത്. ഒരു മീൻകാരി പെണ്ണിനെ അകത്തു കയറ്റിക്കിടത്താൻ അവർക്ക് മനസ്സുണ്ടായിരുന്നില്ല .എന്നാലും ദയ തോന്നി വീടിനോടു ചേർന്നുള്ള ചായ്പിൽ കിടന്നു കൊള്ളാൻ സമ്മതിച്ചു.കഴിക്കാൻ ഭക്ഷണവും കിടക്കാൻ ഒരു പഴമ്പായയും കൊടുത്തു. നാണി ചായ്പിൽ പായ വിരിച്ചു കിടന്നു. ചായ്പിന്റെ തൊട്ടടുത്ത മുറിയിൽ

ചില്ല

പിറ്റേദിവസം അമ്പലത്തിലേക്ക് മാല കെട്ടി കൊണ്ടു പോകാൻ വേണ്ടി പലതരം പൂക്കൾ വട്ടിയിലാക്കി വച്ചിരുന്നു. താമര,ചെമ്പകം, തുളസി, മുല്ല, പിച്ചകം, മന്ദാരം, തെച്ചി, ചെമ്പരത്തി, കനകാംബരം, ശംഖുപുഷ്പം, കൂവളം, അരളി, മുതലായ പൂക്കൾ .പൂക്കളുടെ മണം ശ്വസിച്ച് നാണിക്ക് വീർപ്പുമുട്ടി. ഈ പൂക്കളുടെ മണമനുഭവിച്ച് പുലരുവോളം കിടന്നാൽ താൻ ചത്തു പോവുമെന്ന് അവൾക്ക് തോന്നി.

അവളൊരു സൂത്രം ചെയ്തു . മീൻ കുട്ട മുഖത്ത് കമഴ്ത്തിവെച്ച .മീനിന്റെ മണത്തിൽ പൂക്കളുടെ മണം മുങ്ങിപ്പോയി. അവൾ സുഖമായി ഉറങ്ങി .പിറ്റേദിവസം രാവിലെ വാരസ്യാരോട് നന്ദി പറഞ്ഞ് മീൻ കുട്ടയും കൊണ്ട് അവൾ ഇറങ്ങി പോവുകയും ചെയ്തു. ആ സമയത്ത് മീൻ കുട്ടയിൽ നിന്നുയർന്ന മണം സഹിക്കാനാവാതെ വാരസ്യാർ മൂക്കുപൊത്തി നിൽക്കുകയായിരുന്നു.

വിജിത ബിജു

# കൂട് ഞങ്ങൾക്ക് വീട്



ബീന ജോർജ് എന്ന പ്രശസ്ത എഴുത്തുകാരിയുടെ ഒരു പുസ്തകമാണ് "കൂട് ഞങ്ങൾക്ക് വീട്". മനുഷ്യർ വീടൊരുക്കും, ജന്തുക്കൾ കൂടൊരുക്കും.

മനുഷ്യന് വീട് പാർപ്പിടം മാത്രമല്ല. മറ്റു പലതുമാണ്. അതുകൊണ്ട് വീടുകൾക്ക് എപ്പോഴും മനുഷ്യൻ മാറ്റങ്ങൾ വരുത്തുന്നു. എന്നാൽ പക്ഷി മൃഗാദികൾ ആദിമകാലത്ത് നിർമ്മിച്ച അതേതരം കൂടുകൾ തന്നെ ഇപ്പോഴും നിർമ്മിച്ചുകൊണ്ടിരിക്കുന്നു. അതിലുമുണ്ട് വലിയ എഞ്ചിനീയറിങ്ങ് പാഠങ്ങൾ, ഒരുപാട് കൗതുകങ്ങൾ... എന്ന് ബീനാ ജോർജ് "കൂട് ഞങ്ങൾക്ക് വീട്" എന്ന കൃതിയിലൂടെ മനസിലാക്കിത്തരുന്നു. പ്രകൃതിയിൽ തൊട്ടെഴുതിയ ഒരു കൃതിയാണിത്.

ഓരോ മൃഗങ്ങളുടെയും പക്ഷികളുടെയും ജീവിതരീതി

അതായത് അവയുടെ ജനനം, മരണം, ജീവിതം പിന്നെ പ്രധാനമായും കൂടുണ്ടാക്കൽ എന്നിങ്ങനെ പല കാര്യങ്ങളും നമുക്ക് ഈ കൃതിയിലൂടെ മനസ്സിലാക്കാം. തുന്നാരൻ, ഉറുമ്പ്, കപ്പൽ തിന്നുതീർക്കുന്ന കപ്പൽപ്പുഴു, വെള്ളത്തിനടിയിൽ ജീവിക്കുന്ന ബീവർ, ഉമിനീർകൊണ്ട് കൂടുണ്ടാക്കുന്ന എഡിബ്ബുൾ നെസ്റ്റ് സ്വിഫ്റ്റ് ലെറ്റ്, മീനുകൾ, ആഫ്രിക്കൻചിതൽ, ഡാർവിൻ തവള, ചിലന്തി, തേനീച്ച, ഷെൽവീട് എന്ന ഞണ്ട്, പ്രയറിനായ, മുതല എന്നിങ്ങനെ എല്ലാ ജീവികളെ കുറിച്ചും ഈ കൃതിയിൽ പ്രതിപാദിക്കുന്നു.

പ്രകൃതിയെകുറിച്ച് ഒരു വ്യക്തി അറിയേണ്ട എല്ലാ കാര്യങ്ങളും

തന്നെ ഈ കൃതിയിലുണ്ട്. പ്രകൃതിയുമായ് മനുഷ്യൻ ഇണങ്ങി നിൽക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും ഈ പുസ്തകം നമ്മെ ഓരോരുത്തരെയും ബോധവാൻമാരാക്കുന്നു. നമ്മളൊന്നും ഇന്നേവരെ കണ്ടിട്ടും കേട്ടിട്ടുമില്ലാത്ത ഒട്ടനവധി ജീവികളും, അവയെക്കുറിച്ച് ആരും അറിയാതെ ഉറങ്ങിക്കിടന്ന നിരവധി കാര്യങ്ങളും ഈ ബുക്കിൽ ഉൾപ്പെടുത്തിയിരിക്കുന്നു. നമ്മുടെ ചുറ്റുപാടിനെ അറിയുവാനും അതിനെക്കുറിച്ച് പഠിക്കുവാനും ഏറ്റവും നല്ല ഒരു സഹായിയാണ് ബീന ജോർജിന്റെ 'കൂട് ഞങ്ങൾക്ക് വീട്' എന്ന കൃതി.

എയ്ഞ്ചൽ റോസ്

9A

ചില്ല





മഞ്ജു ചന്ദ്രൻ

9A

ചില



കൗസല്യ

9B

ചില്ല

# അമ്മയ്ക്കുള്ള ദു:ഖം



നിരവധി നേർച്ചകൾ നേർന്ന് ഭാസ്കരനും പാർവ്വതിയ്ക്കും ഒരു ആൺക്കുട്ടിയുണ്ടായി. ആ കുട്ടിക്ക് എന്തൊക്കെ വേണോ അതൊക്കെ വാങ്ങിച്ചുകൊടുത്തു. പഠനത്തിനാവശ്യമായ എല്ലാ

സൗകര്യങ്ങളും ചെയ്തുകൊടുത്തു. കുട്ടി അങ്ങനെ വലുതായി വലുതായി വന്നു. കടവും കൂടി കൂടി വന്നു.

ഭാസ്കരന് അസുഖമാണ്. പാർവ്വതി തന്റെ ഭർത്താവിനെയും കുട്ടിയെയും വീട്ടുജോലി ചെയ്താണ് നോക്കിയിരുന്നത്. അച്ഛന്റെ ആഗ്രഹം മകൻ ഒരു എൻജിനീയർ ആവണമെന്നായിരുന്നു. അച്ഛന്റെ ആഗ്രഹം നിറവേറ്റാൻ മകൻ നന്നായി പഠിച്ചുകൊണ്ടിരുന്നു. വലിയ ക്ലാസ്സുകളിൽ എത്തുമ്പോൾ കാശിന്റെ ചിലവ് വർധിക്കും എന്നൊന്നും ആ മകന് അറിയില്ലായിരുന്നു.

ഇപ്പോഴത്തെ കുട്ടികളെ പോലെ അവനും ഒരു ഫോൺ

വേണമെന്ന് ഒരു ദിവസം വാശിപിടിച്ചു. അമ്മ വിചാരിച്ചു ഫോണിൽ പഠിക്കാൻ ആയിരിക്കും എന്ന്. പിറ്റേ ദിവസം തന്നെ അമ്മ അയൽ വീട്ടിൽ നിന്ന് പൈസ കടം വാങ്ങി മകന്റെ കൈയിൽ  കൊടുത്തു. മകന് ഇഷ്ടമുള്ള ഫോൺ വാങ്ങിക്കോട്ടെ എന്നു കരുതി. ഫോണിൽ മാത്രമായിരുന്നു അവന്റെ ശ്രദ്ധ. അങ്ങനെ പഠനത്തിൽ അവൻ പുറകിലായി. ഇതറിഞ്ഞ് അമ്മ അവനുമായി വഴക്കിട്ടു. ആ ദേഷ്യത്തിൽ അവൻ ഫോൺ വലിച്ചെറിഞ്ഞു.  ആ വാശിയിൽ പഠിച്ച് അവൻ ഒരു ജോലി വാങ്ങി. അമ്മയുടെ ആഗ്രഹം വിദേശത്തൊന്നും പോകാതെ ആ പ്രദേശത്ത് എവിടെയെങ്കിലും ജോലികിട്ടിയാൽ മതി

എന്നായിരുന്നു. എന്നാൽ മകൻ അമ്മയുടെ വാക്കിന് വില കൊടുക്കാതെ വിദേശത്തേക്ക് പോയി.

കുറേ വർഷങ്ങൾക്ക് ശേഷം മകൻ തിരിച്ചു വന്നു. എന്നാൽ മകൻ വരുന്നതിന് മുമ്പ് തന്നെ അച്ഛൻ മരിച്ചു പോയിരുന്നു. അമ്മ ആ വീട്ടിൽ തനിച്ചായിരുന്നു. അവർ വിശേഷങ്ങൾ പറയുന്നതിനിടയിൽ അവന്റെ കല്യാണം കഴിഞ്ഞു എന്നറിഞ്ഞ അമ്മ തകർന്നു പോയി.

അച്ഛന്റെയും അമ്മയുടെയും ആഗ്രഹം അവരുടെ വീടിന്റെ അടുത്തുള്ള അമ്പലത്തിൽ വച്ച് മകന്റെ കല്യാണം നടത്തണം എന്നായിരുന്നു. പക്ഷേ അമ്മയ്ക്ക് വഴക്ക് പറയാനുള്ള

ശേഷിയില്ലായിരുന്നു. ആ അമ്മ ഒരുപാടു കരഞ്ഞു. അവനു കുറ്റബോധം തോന്നി. ഇനിയും അമ്മയെ വിഷമിപ്പിക്കാൻ കഴിയാത്തതു കൊണ്ട് അവൻ അമ്മയെ കൂടെ കൊണ്ടു പോകാൻ തീരുമാനിച്ചു.

പക്ഷെ അവന്റെ ഭാര്യ സമ്മതിച്ചില്ല. അവൻ ആകെ വിഷമാവസ്ഥയിലായി. സ്വന്തം മകന്റെ സങ്കടം കണ്ടു നിൽക്കാൻ ആ അമ്മയ്ക്കാവില്ലായിരുന്നു. തന്നെ ഏതെങ്കിലും വൃദ്ധസദനത്തിൽ കൊണ്ടു വിട്ടാൽ മതിയെന്ന് ആ അമ്മ പറഞ്ഞു. മനസില്ലാമനസോടെ അമ്മയെ വൃദ്ധസദനത്തിലാക്കി

അവൻ മടങ്ങി. ഇതൊന്നുമല്ല ആ അമ്മ ആഗ്രഹിച്ചത്. നൊന്തുപെറ്റ അമ്മയ്ക്കേ അറിയൂ ആ വേദന....

ശരണ്യ

10B

# നൊമ്പരം

പൊട്ടിയ വ്രണത്തിൽ ഒഴുകുന്നരക്തത്തിന്മേൽ
ആരോ കുറിക്കുന്ന എൻ നൊമ്പരം
ആകാശത്തിൽ ഇരുണ്ട വ്രണങ്ങൾ ഉരുണ്ടുകൂടി-
ഇതളുകളായി ഭൂമിയിൽ പതിക്കുമ്പോഴെങ്കിലുംമനസ്സിലാക്കു നീയെൻ
നൊമ്പരം.

ആ വ്രണങ്ങൾ മണ്ണിൽ അലിഞ്ഞു ചേരുമ്പോഴും
പുൽനാമ്പുകളിൽ അവ പടരുമ്പോഴും,

ചില്ല

നാം അറിയുന്നില്ല നമ്മുടെ നൊമ്പരം,
എന്നിട്ടും എന്നിൽ നിന്നകലുന്ന
നിന്നെതേടുവതെന്തിനു ഞാൻ?
ഞാൻ എഴുതുന്ന തൂലികയുടെ നിറം
നിന്റെ കണ്ണിലെ ചുവപ്പാണ്,
നിൻ മാറിലെ ചൂടുപറ്റിഞാൻ ഉറങ്ങുമ്പോഴെങ്കിലും
നീ അറിയുന്നുവോ എൻ നൊമ്പരം.

# ചില്ല



ശ്രുതിബാല

10A



അഞ്ജലി കെ.ബി

5B

# ചില്ല



വിജയശ്രീ എസ്.കുമാർ
9A

ചില്ല



വിഷ്ണുമായ പി.സി
9B





അഞ്ജലി ബി

7B

## ചില്ല



ചില



മേഘന ഷിനോജ്
7A

ചില്ല




അതുല്യ നിമിഷങ്ങൾ

# ചില്ല



# ദേവീവിലാസം സ്കൂളിലെ കൃഷിയിടം





ചില്ല





# ചില്ലയ്ക്കു പിന്നിൽ പ്രവർത്തിച്ചവർ:



ചില്ല

